ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.10.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നാളെ ജാർഖണ്ഡിലെത്തും. ദിയോഗർ എയിംസിൻറെ രണ്ടാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.

   Vice President C.P. Radhakrishnan arrives in Jharkhand tomorrow to attend the second convocation ceremony of AIIMS Deoghar.

2. രാജ്യത്ത് ഒരു മേഖലയിലും ഏകാധിപത്യം അനുവദിക്കില്ലെന്നും സ്വതന്ത്ര വിപണിയിൽ സേവനം തിരഞ്ഞെടുക്കാൻ ഉപഭോക്താക്കൾക്ക് അവകാശമുണ്ടെന്നും കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ.

   Union Communications Minister Jyotiraditya Scindia states that monopoly is not allowed in any sector in the country and consumers have the right to choose services in a free market.

3. വ്യാജ സന്ദേശങ്ങളും ക്രമസമാധാന നില തകരാറിലാക്കുന്ന ഉള്ളടക്കങ്ങളും തടയാൻ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി ഇലക്ട്രോണിക്സ് ഐ.ടി മന്ത്രാലയം.

   The Ministry of Electronics and Information Technology issues an advisory to social media platforms to curb fake news and content that disrupts law and order.

4. സമാധാനത്തിനുള്ള നോബേൽ സമ്മാനം ദക്ഷിണാഫ്രിക്കൻ നിയമജ്ഞയും മനുഷ്യാവകാശ പ്രവർത്തകയും ഇന്ത്യൻ വംശജയുമായ നവനീതം നവി പി ള്ളയ്ക്ക്.

Navanethem Navi Pillai, a South African jurist and human rights activist of Indian origin, wins the Nobel Peace Prize.

5. കേരളത്തിൽ 100 ദിന കർമ പദ്ധതികളുടെ ഭാഗമായി 568 പദ്ധതികൾ ഫലപ്രദമായി പൂർത്തിയാക്കി 96.6 ശതമാനം നേട്ടം കൈവരിച്ചതായി മുഖ്യമന്ത്രി വി.ഡി. സതീശൻ.

   Chief Minister V.D. Satheesan announces that 568 projects are successfully completed as part of the 100-day action plan in Kerala, achieving a 96.6% success rate.

6. ഇന്ത്യ-വെസ്റ്റ്ഇൻഡീസ് ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം റാഞ്ചിയിൽ പുരോഗമിക്കുന്നു.

   The second T20 cricket match between India and West Indies is underway in Ranchi.

## VP- JHARKHARD VISIT

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നാളെ ഝാർഖണ്ഡിലെ ദിയോഗർ സന്ദർശിക്കും. ദിയോഗറിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ രണ്ടാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. BBMT ആശുപത്രിയിൽ നടക്കുന്ന 'സൈന്യ സമ്പർക്ക് മേള'യും ഉപരാഷ്ട്രപതി സന്ദർശിക്കും.

## SCINDIA – STARLINK LICENCE

ഇന്ത്യയിൽ ഒരു മേഖലയിലും ഏകാധിപത്യം അനുവദിക്കില്ലെന്നും സ്വതന്ത്ര വിപണിയിൽ സേവനം തിരഞ്ഞെടുക്കാൻ ഉപഭോക്താക്കൾക്ക് അവകാശമുണ്ടെന്നും കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ഡൽഹിയിൽ ഇന്ത്യ മൊബൈൽ കോൺഗ്രസിൽ സംസാരിക്കവെ, സ്റ്റാർലിങ്ക്, ജിയോ, വൺവെബ് എന്നീ മൂന്ന് കമ്പനികൾക്ക് സാറ്റ് കോം ലൈസൻസ് ലഭിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. സുരക്ഷാ മാനദണ്ഡങ്ങളും മറ്റ് നിബന്ധനകളും പൂർണ്ണമായി പാലിച്ച ശേഷമേ സേവനം തുടങ്ങാൻ അനുവദിക്കൂ എന്ന് വാർത്താവിനിമയ മന്ത്രാലയവും അറിയിച്ചു.

## MEITY – SOCIAL MEDIA ADVISORY

വ്യാജ സന്ദേശങ്ങളും ക്രമസമാധാന നില തകരാറിലാക്കുന്ന ഉള്ളടക്കങ്ങളും തടയാൻ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്ക് കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി മന്ത്രാലയം ജാഗ്രതാ നിർദ്ദേശം നൽകി. പഴയ ദൃശ്യങ്ങൾ നിലവിലേതെന്ന രീതിയിൽ പ്രചരിപ്പിക്കുന്നത് തടയുക, നിർമ്മിത ബുദ്ധി വഴി മാറ്റം വരുത്തിയ ഉള്ളടക്കങ്ങൾക്ക് വ്യക്തമായ ലേബൽ നൽകുക, അക്രമത്തിന് പ്രേരിപ്പിക്കുന്ന വിവരങ്ങൾ നീക്കം ചെയ്യുക എന്നിവ ഉറപ്പാക്കണം. ഐ.ടി ചട്ടങ്ങൾ പ്രകാരം സർക്കാർ ഏജൻസികളുടെ പരാതികൾക്ക് മുൻഗണന നൽകാനും പരാതി പരിഹാര സംവിധാനങ്ങൾ ശക്തിപ്പെടുത്താനും പ്ലാറ്റ്ഫോമുകളോട് മന്ത്രാലയം ആവശ്യപ്പെട്ടു.

## ROCKET (INTRO)

ലോക ബഹിരാകാശ വാരാഘോഷങ്ങളുടെ ഭാഗമായി തുമ്പയിലെ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിൽ നിന്ന് രോഹിണി റോക്കറ്റ് വിക്ഷേപിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

**(വോയ്സ്)**

## NOBEL PEACE PRIZE

സമാധാനത്തിനുള്ള നോബേൽ സമ്മാനം ദക്ഷിണാഫ്രിക്കൻ നിയമജ്ഞയും മനുഷ്യാവകാശ പ്രവർത്തകയും ഇന്ത്യൻ വംശജയുമായ നവനീതം നവി പിള്ളയ്ക്ക്. സമാധാനവും അന്താരാഷ്ട്ര നിയമവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംഭാവനകൾ പരിഗണിച്ചാണ് ബഹുമതി. ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ വിഭാഗം മുൻ മേധാവിയും അന്താരാഷ്ട്ര നീതിന്യായ കോടതിയിലെ ജഡ്ജിയുമായിരുന്നു. വർണ്ണവിവേചനത്തിനെതിരെ പോരാടുകയും മനുഷ്യാവകാശങ്ങളും സമത്വവും സംരക്ഷിക്കുന്നതിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. 1941-ൽ ഡർബനിൽ ജനിച്ച നവനീതം പിള്ളയുടെ മാതാപിതാക്കൾ തമിഴ് വംശജരായിരുന്നു.

## KERALA CABINET

സംസ്ഥാനത്ത് 100 ദിന കർമ പദ്ധതികളുടെ ഭാഗമായി 568 പദ്ധതികൾ ഫലപ്രദമായി പൂർത്തിയാക്കി 96.6 ശതമാനം നേട്ടം കൈവരിച്ചതായി മുഖ്യമന്ത്രി വി.ഡി. സതീശൻ. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ ജനസ്പർശം എന്ന പേരിൽ ഒക്ടോബർ 15 മുതൽ ഡിസംബർ 31 വരെ ഫയൽ അദാലത്ത് നടത്തും. വയോജന ക്ഷേമ ബില്ലിനും മന്ത്രിസഭ അംഗീകാരം നൽകി. ഈ വരുന്ന നിയസഭാ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കുമെന്നും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

## KERALA ASSEMBLY

കേരള നിയമസഭയുടെ അടുത്ത സമ്മേളനം തിങ്കളാഴ്ച ആരംഭിക്കും. ഒൻപതു ദിവസമായിരിക്കും സഭ സമ്മേളിക്കുകയെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കോർട്ട് ഫീസ് ഭേദഗതി ബിൽ, മദ്രാസ് ഹിന്ദു റിലീജിയൻ ചാരിറ്റബിൾ എൻഡോവ്മെൻറ് ഭേദഗതി ബിൽ എന്നിവ സമ്മേളനത്തിൽ അവതരിപ്പിക്കും.

## FUR.REV. DELHI POLICE-CJP PERMISSION DENIED

നാളെ ജന്തർ മന്തറിൽ സി.ജെ.പി നടത്താൻ തീരുമാനിച്ച പ്രതിഷേധ പരിപാടിക്ക് ഡൽഹി പോലീസ് അനുമതി നിഷേധിച്ചു. മുൻ ധാരണകൾ ലംഘിച്ചതും അപേക്ഷ നൽകാൻ 10 ദിവസത്തെ സമയപരിധി പാലിക്കാത്തതുമാണ് കാരണമെന്ന് ജോയിന്റ് കമ്മീഷണർ അറിയിച്ചു. സുരക്ഷയും ഗതാഗത നിയന്ത്രണവും മുൻനിർത്തി മേഖലയിൽ നിരോധനാജ്ഞ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, നിയമലംഘകർക്കെതിരെ കടുത്ത നിയമനടപടി സ്വീകരിക്കുമെന്നും പോലീസ് മുന്നറിയിപ്പ് നൽകി.

## DMRC- CLOSURE

സുരക്ഷാ കാരണങ്ങളാൽ ഡൽഹിയിലെ 57 മെട്രോ സ്റ്റേഷനുകൾ ഇന്ന് രാത്രി 9 മണി മുതൽ അടച്ചിടുമെന്ന് ഡൽഹി മെട്രോ റെയിൽ

കോർപ്പറേഷൻ അറിയിച്ചു. രാജീവ് ചൗക്ക്, ലോക് കല്യാൺ മാർഗ്, സെൻട്രൽ സെക്രട്ടേറിയറ്റ്, ജൻപഥ്, പട്ടേൽ ചൗക്ക്, ന്യൂഡൽഹി, സേവാ തീർത്ഥ്, മണ്ഡി ഹൗസ് തുടങ്ങിയ സ്റ്റേഷനുകൾ ഇതിൽ ഉൾപ്പെടുന്നു.

## SC -METRO RAIL SERVICES

നാളത്തെ സി.ജെ.പി. പ്രതിഷേധം കണക്കിലെടുത്ത്, ന്യൂഡൽഹിയിൽ ഡൽഹി മെട്രോ, റെയിൽവേ സേവനങ്ങൾ പൂർണ്ണമായും നിർത്തിവയ്ക്കുന്നില്ലെന്ന് ഉറപ്പാക്കാൻ കേന്ദ്രത്തോടും ബന്ധപ്പെട്ട അധികൃതരോടും നിർദ്ദേശിച്ച് സുപ്രീം കോടതി. യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനായി പൊതുഗതാഗത സേവനങ്ങൾ നിയന്ത്രിതമായ രീതിയിൽ തുടരണമെന്ന് ചീഫ് ജസ്റ്റിസ് സൂര്യ കാന്ത് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. നിയന്ത്രണങ്ങൾ പുനഃപരിശോധിക്കുമെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിക്ക് ഉറപ്പ് നൽകിയിട്ടുണ്ട്.

## SEVA SANKALP (Intro)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻ്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയിൽ പെൺകുട്ടികളുടെ ഉന്നമനത്തിനായി നടപ്പാക്കിയ ബേട്ടി ബചാവോ, ബേട്ടി പഠാവോ പദ്ധതിയെ കുറിച്ചാണ് ഇന്ന്.

ഒരു റിപ്പോർട്ട്...

(വോയ്സ്)

പെൺകുട്ടികളുടെ സുരക്ഷയും വിദ്യാഭ്യാസവും അതിജീവനവും ഉറപ്പാക്കുന്നതിനും തുല്യ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഭ്രൂണഹത്യ തടയുന്നതിനുമായാണ് 2015-ൽ കേന്ദ്രസർക്കാർ 'ബേട്ടി ബചാവോ, ബേട്ടി പഠാവോ' പദ്ധതിക്ക് തുടക്കം കുറിച്ചത്. പെൺകുട്ടികളോടുള്ള സാമൂഹിക

മനോഭാവത്തിൽ ക്രിയാത്മകമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനോടൊപ്പം , സ്കൂൾ പ്രവേശനം, സുരക്ഷിതമായ മാതൃത്വം, ആർത്തവ ശുചിത്വം എന്നിവയും ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. കണക്കുകൾ പ്രകാരം, 2014-15-ൽ ആയിരം ആൺകുട്ടികൾക്ക് 918- പെൺകുട്ടികൾ എന്നതിൽ നിന്ന് 2023-24-ൽ 929-ആയി വർദ്ധിച്ചു. ആശുപത്രികളിലെ പ്രസവനിരക്കും 61 ശതമാനത്തിൽ നിന്ന് 98 ശതമാനമായി വർദ്ധിച്ചു. **ന്യൂസ് ഡെസ്ക് ആകാശവാണി .....**

## CRICKET

ഇന്ത്യ-വെസ്റ്റ്ഇൻഡീസ് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ടോസ് നേടിയ വെസ്റ്റ്ഇൻഡീസ് ഫീൽഡിങ് തിരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 6 ഓവറിൽ 1 വിക്കറ്റ് നഷ്ടത്തിൽ79 റൺ എടുത്തിട്ടുണ്ട്.

## KERALA RAIN

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട ശക്തമായക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . ഒൻപത് ജില്ലകളിൽ ഇന്നും, നാല് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെയുള്ള തീരങ്ങളിൽ നാളെ രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

## HIGH COURT – CMRL – EXALOGIC

സിഎംആർഎൽ - എക്സാലോജിക് കേസിൽ പ്രതിപക്ഷനേതാവ് പിണറായി വിജയൻ, മകൾ വീണ, മരുമകനും, മുൻമന്ത്രിയുമായ മുഹമ്മദ് റിയാസ് എന്നിവർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ ഹൈക്കോടതി നിർദ്ദേശം. എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാഥമിക അന്വേഷണം കൂടാതെ തന്നെ

സംസ്ഥാന പൊലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ ബാധ്യസ്ഥരാണോ എന്ന നിയമവശമാണ് കോടതി പ്രധാനമായും പരിഗണിച്ചത്.

## SC- INSURANCE

വാഹനാപകട നഷ്ടപരിഹാര നടപടികൾ വേഗത്തിലാക്കാൻ 'വാഹൻ', 'സാരഥി', 'ഇ-ഡാർ' (eDAR), 'ഇൻഷുറൻസ് ഇൻഫർമേഷൻ ബ്യൂറോ' ഡാറ്റാബേസുകൾ നാല് ആഴ്ചയ്ക്കുള്ളിൽ പരസ്പരം ബന്ധിപ്പിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് സുപ്രീം കോടതി ഉത്തരവിട്ടു. അപകടവിവരങ്ങൾ ഉടൻ തന്നെ ഇ-ഡാർ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാനും, 'ഹിറ്റ് ആൻഡ് റൺ' കേസുകളിലും 'പി.എം-രാഹത്' (PM-RAHAT) പദ്ധതിയിലും ഇൻഷുറൻസ് കമ്പനികൾക്ക് വേഗത്തിൽ വിവരങ്ങൾ ലഭ്യമാക്കാനും കോടതി നിർദ്ദേശിച്ചു.

## SC - JUVENILE JUSTICE ACT

ജുവനൈൽ ജസ്റ്റിസ് നിയമത്തിന്റെ പത്താം വാർഷികത്തോട് അനുബന്ധിച്ച് സുപ്രീം കോടതിയുടെ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റിയും യുണിസെഫും ചേർന്ന് സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ ദേശീയസമ്മേളനം നാളെ ന്യൂഡൽഹിയിൽ ആരംഭിക്കും. സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ജസ്റ്റിസ് സൂര്യകാന്ത് പരിപാടി ഉദ്ഘാടനം ചെയ്യും. കുട്ടികളുടെ അവകാശങ്ങൾ, നിയമ ലംഘനങ്ങൾ നടത്തുന്ന പ്രായപൂർത്തിയാകാത്തവരുടെ വിവരശേഖരണം, പുനരധിവാസം, നിയമസംവിധാനങ്ങളിലെ ഏകോപനം തുടങ്ങിയവ ചർച്ച ചെയ്യും.

## HOUTHI- SAUDI ARABIA ATTACK

സൗദിയിലെ കിംഗ് ഖാലിദ് അന്താരാഷ്ട്ര വിമാനത്താവളം ലക്ഷ്യമിട്ട് യമനിലെ ഹൂതി വിമതർ നടത്തിയ ആക്രമണത്തിൽ പൈലറ്റ് ഉൾപ്പെടെ മൂന്ന് സൗദി പൗരന്മാർ കൊല്ലപ്പെട്ടു. വിമാനത്താവളത്തിൽ നിർത്തിയിട്ടിരുന്ന ഒരു വിമാനത്തിന് കേടുപാട് പറ്റി. സൗദിയിലെ ഇന്ത്യൻ പൗരന്മാർക്ക് റിയാദ് എംബസി ജാഗ്രതാ നിർദ്ദേശം നൽകുകയും ആവശ്യമെങ്കിൽ വീടുകളിൽ തുടരാൻ ആവശ്യപ്പെടുകയും ചെയ്തു.